OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol.2 Book.10 Regd. No. ER/450/2001 1196 കന്നി – തുലാം Date: 31.10.2020

# അന്താരാഷ്ട്ര വൃദ്ധദിനം ഒക്ടോബർ 1ന്



ലോക വൃദ്ധദിനം

1950ൽ ലോകത്ത് 60 വയസ്സിൽ കൂടുതൽ പ്രായമുള്ളവരുടെ എണ്ണം 20 കോടിയായിരുന്നു. 2000ൽ ഇത് മൂന്നു മടങ്ങായി വർദ്ധിച്ച് 60 കോടിയായി. 2025ൽ 60 കഴിഞ്ഞവരുടെ എണ്ണം 100 കോടിയിലേറെവരും എന്നാണ് അനുമാനിക്കുന്നത്. 1982 ലെ വാർദ്ധക്യത്തെ സംബന്ധിച്ചുള്ള വിയന്ന അന്തർദ്ദേശീയ കർമ്മ പദ്ധതി ഐക്യരാഷ്ട്ര സഭ അംഗീകരിച്ചിരുന്നു. ഇതേ തുടർന്ന് 1990 ഡിസംബർ പതിനാലിനാണ് എല്ലാ വർഷവും ഒക്ടോബർ ഒന്ന് ലോക വൃദ്ധദിനമായി ഐക്യരാഷ്ട്ര സഭയുടെ പൊതുസഭ അംഗീകരിച്ചത് . 1991 ഒക്ടോബർ ഒന്നിനാണ് ഈ ദിനം ആദ്യമായി ആചരിക്കപ്പെട്ടത്. ജനസംഖ്യാ ജരണം സംബന്ധിച്ച മാഡ്രിക് അന്തർദ്ദേശീയകർമ്മപദ്ധതിയും2002ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ചു. വൃദ്ധരെ സമൂഹത്തിലെ കർമ്മശേഷിയുള്ളവരായി എങ്ങനെ നിലനിർത്താം, അവരെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ എങ്ങനെ പങ്കാളികളാക്കാം എന്നതിനെ കുറിച്ചായിരുന്നു പ്രധാന ചർച്ചകൾ നടന്നത്. വൃദ്ധരുടെ ജീർണിപ്പ് (senescence) ദുരുപയോഗം എന്നിവക്കെതിരെ ബോധവൽക്കരണത്തിനായി ഈ ദിനം ഉപയൊഗപ്പെടുത്തുവാനും, ഈ ലക്ഷ്യത്തിലേക്ക് ലോകത്തിലെ വിവിധ സർക്കാരുകൾ എത്രത്തോളം എത്തിച്ചേർന്നു എന്ന് വിലയിരുത്താൻ ഉള്ള അവസരവുമാണ് ഒക്ടോബർ ഒന്നിലെ ലോക വൃദ്ധദിനം




# ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം




SBI PENSIONERS' ASSOCIATION KERALA
KOTTAYAM - DISTRICT CENTRE, MARIYA BHAVAN I FLOOR, KUMARANALLOOR P.O, KOTTAYAM, Pin - 686016
Telphone No. 0481 - 25 67 373, Mobile: 9446424407, 9446046899, 9446122245
email: sbipakktym@gmail.com

1869 ഒക്ടോബർ 2 ന് ജനിച്ച മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ത്യയിൽ ഒക്ടോബർ **ഗാന്ധിജയന്തിയായി** ആചരിക്കുന്നു. ഐക്യരാഷ്ട്രസഭ ഇതേ ദിവസം അന്താരാഷ്ട്ര ഹിംസാദിനമായി ആചരിക്കുന്നു. ഇത് ഇന്ത്യയിലെ മൂന്ന് ദേശീയ അവധി ദിനങ്ങളിൽ ഒന്നാണ്. ഇന്ത്യയിലുടനീളം പ്രാർത്ഥനാ സേവനങ്ങളും ആദരാഞ്ജലികളും ഗാന്ധിജയന്തിയെ അടയാളപ്പെടുത്തുന്നു.

## ഗാന്ധിസം

മോഹൻദാസ് ഗാന്ധിയുടെ പ്രചോദനം, ദർശനം, ജീവചരിത്രം വിവരിക്കുന്ന ആശയങ്ങളുടെ ഒരു കൂട്ടമാണ് ഗാന്ധിസം. അഹിംസാത്മക പ്രതിരോധം എന്ന ആശയം, ചിലപ്പോൾ സിവിൽ പ്രതിരോധം എന്നും വിളിക്കപ്പെടുന്നു. ഗാന്ധിയത്തിന്റെ രണ്ട് തൂണുകൾ സത്യവും അഹിംസയുമാണ്.

"ഗാന്ധിസം" എന്ന പദവും ഗാന്ധി ആശയങ്ങൾ, വാക്കുകൾ, പ്രവർത്തനങ്ങൾ എന്നിവ ലോകമെമ്പാടുമുള്ള ആളുകളെയുമാണ് സൂചിപ്പിക്കുന്നത്. അവരുടെ ഭാവി കെട്ടിപ്പടുക്കുന്നതിനുള്ള മാർഗനിർദ്ദേശത്തിനായി വ്യക്തിത്വം, രാജ്-രാഷ്ട്രീയം, അവർ എങ്ങനെ ഉപയോഗിച്ചുവെന്നതാണ് ഗാന്ധിസം അർത്ഥമാക്കുന്നത്, പ്രൊഫസർ റാംജി സിംഗ് ഗാന്ധിയെ ഒരു ബോധിസത്വ എന്നു വിളിച്ചിട്ടുണ്ട് (മഹത്തായ കാരുണ്യത്താൽ പ്രചോദിതനായ ഒരാൾ എന്ന സംസ്കൃത പദമാണ് ബോധിസത്വ എന്നത്).

എന്നാൽ ഗാന്ധിജി ഗാന്ധിസത്തിന് അംഗീകാരം നല്കിയില്ല. അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു:

**"ഗാന്ധിസം" പോലൊരു കാര്യവുമില്ല, എനിക്ക് ശേഷം ഏതെങ്കിലും വിഭാഗത്തെ ഉപേക്ഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, പുതിയ തത്ത്വം അല്ലെങ്കിൽ തത്ത്വം ആരംഭിച്ചതായി ഞാൻ അവകാശപ്പെടുന്നില്ല.ഞാൻ എന്റെ സ്വന്തം വഴികളിലൂടെ ദൈനംദിന ജീവിതവും പ്രശ്നങ്ങളും ... ഞാൻ രൂപീകരിച്ചിട്ടുള്ള അഭിപ്രായങ്ങൾ, ഞാൻ എത്തിച്ച നിഗമനങ്ങൾ അന്തിമമല്ല, നാളെ അവരെ മാറ്റാം, ലോകത്തെ പഠിപ്പിക്കാൻ എനിക്ക് പുതിയ ഒന്നും ഇല്ല .. സത്യവും അഹിംസയും മലകൾ പോലെ പഴക്കമുള്ളവയാണ്. "**

**ഗാന്ധിജിയുടെ അംഗീകാരമില്ലാത്ത, ഗാന്ധിയുടെ അഭാവത്തിൽ, അദ്ദേഹത്തിന്റെ ജീവിതവും പ്രവൃത്തികളും ജീവിതവും ഗാന്ധിസം എന്താണെന്നു മനസ്സിലാക്കാൻ ഒരു ചിന്താഗതി ഉണ്ട്. അദ്ദേഹത്തിന്റെ തത്ത്വശാസ്ത്രം അടിസ്ഥാനപരമായി "സത്യം", "അഹിംസ" എന്നിവ അടിസ്ഥാനമാക്കിയാണ് എന്നതാണ്. ആദ്യം, എല്ലാ തലങ്ങളിലും ആളുകൾ വ്യത്യസ്ത രായിരിക്കുന്നതും അതു സ്വീകരിക്കുന്നതും ആയ സത്യത്തെ അംഗീകരിക്കണം. രണ്ടാമതായി, എല്ലാ തലങ്ങളിലുമുള്ള മാനസിക വ്യത്യാസങ്ങൾ തീർക്കാൻ നമുക്ക് ഒരിക്കലും അക്രമത്തെ ആശ്രയിക്കേണ്ടി വരില്ല എന്ന്ദ്ദേഹം പറഞ്ഞു.**

## കവിത

# "അമൃത ഗീതങ്ങളെഴുതിയ വാക്കുകൾ....... "

## രാജീവൻ കീഴത്ത്



**അരിക് തേഞ്ഞ വാക്കുകൾ
അകം പിളർന്ന വാക്കുകൾ
അറംപറ്റുമെന്ന ഭയത്താൽ
അടിത്തട്ടിലേക്ക് വലിച്ചെറിഞ്ഞ്
നിറയെ പോറൽ വീണ്
മുഖസൗന്ദര്യം ചോർന്നവ,
അങ്ങനെ കുറെ യേറെ
വാക്കുകളുണ്ടെൻ കലവറയിൽ.
സ്ഥാനത്തുമസ്ഥാനത്തും
അവസരാനവസരത്തിലും
നിരന്തരമാവർത്തിച്ചാവർത്തിച്ച്
ഇനിയൊന്നിനും കൊള്ളാതെ,
ഉടുത്തണിയാൻ ഒട്ടുമേ വയ്യാതെ,
തുരുമ്പിച്ചൊരെന്നോർമ്മച്ചെപ്പിൽ
അലക്ഷ്യമായി നിറഞ്ഞ് കിടപ്പുണ്ടവ.
ഇടനേരത്തിലെപ്പോഴോ ഞാൻ
തുറന്നൊന്ന് നോക്കീടവേ കണ്ടൂ
തുരുമ്പിച്ച് പൊടിയായിരിപ്പുണ്ട്.**



**തിളക്കമേതുമില്ലാതെ മിക്കതും
ആയകാലത്ത് അമൃതഗീതങ്ങളെഴുതി
ആയിരം മനസ്സുകളിൽ
പ്രണയ നൈർമല്യം തൂവി നിറച്ചവരിവർ**

ഇന്നീയനർഘനിമിഷത്തിലൊരു കുഞ്ഞു
വാക്കു പോലുമെഴുതാൻ
ത്രാണിയില്ലാതെ നിശ്ശബ്ദം തേങ്ങുന്നു
ദീർഘനിശ്വാസമുയർത്തുന്നൂ.
ഇന്നെന്നാത്മമിത്രത്തിൻ സപ്തതി
യാഘോഷ വേളയിൽ
നന്മ നേരാൻ വാക്കിനായ്
മുറിയിൽ നഖംരുചിച്ചിരിപ്പാണ് ഞാൻ.



# Wail from the ventilator*

## Joseph Thekkanal



Joseph Thekkanal

Covid-19 is grabbing my life,
More than a fortnight
I am on ventilator,
Completely burned out and
struggling for respiration,
A robust and sturdy man
in the prime of youth,
Never I imagined that a tiny invisible virus
can cripple me to this stage.
I can read from the faces of
Doctors and Nurses,
That my days are numbered,
or my hours are counted.

At this moment I recall my bygone days,
Busy and restless days
chasing after fame, power and money.
I could achieve much to the envy of all who
came in contact with me,
I was deriving pleasure and
pride in my success.
Now I realise that those gains were lines
drawn on a pool of water.
The amassed wealth,
The made up fame,
The wielded power,
Nothing can rewrite the book of fate,
Or vacate the divine decree,
I foresee that the moment of
final exit is not far off.
But none utter a word
hinting the inevitable,
Not even asking my last wish,
I crave to see the world outside once more,
A glimpse of my near and dear ones,
A final word of goodbye
to them is my last wish,
But my wishes are never
been an option now,
The will of God prevails
over every worldly wish!
Amid the trumpets of angels,
A captivating voice is heard,
A glittering path is visible,
Let me follow the voice of
love and light of hope,
To the promised land of everlasting peace,
Hoping to reunite with my kith and kin,
On the day of the Lord.



*നാട്ടുകാരനായ മണിമലക്കാരൻ ശതകോടിപതിയായ യുവാവിന്റെ കോവിഡ്-19 ബാധിച്ചുള്ള ദാരുണ മരണത്തിൽ വേദനിച്ച് എഴുതിയ കവിത. ഇടുക്കി ജില്ലാ പ്രസിഡന്റ് ശ്രീ.റ്റി.ജെ.ജോസഫ് ആണ് രചയിതാവ്.

@@@@@@@@@



## കടുത്ത വെല്ലുവിളികളെ അതിജീവിച്ച മൂന്നു വർഷങ്ങൾ



എസ്.ബി.ഐ. ചെയർമാൻ സ്ഥാനത്തു നിന്ന് പടിയിറങ്ങുന്ന ശ്രീ.രജനീഷ് കുമാർ

ചുമതലയേറ്റയുടൻ അസ്സോസിയേറ്റ് ബാങ്കുകളുടെ ലയന പ്രക്രിയ ആദ്യത്തെ വെല്ലുവിളിയായിരുന്നു. എൻ.പി.എ.യ്ക്ക് വേണ്ടി ലാഭം വകമാറ്റി നഷ്ടം പ്രഖ്യാപിക്കേണ്ടി വന്നതും ബാങ്കിന്റെ വിശ്വാസ്യത നിലനിർത്താൻ പെടാപ്പാട് പെട്ടതും മറ്റൊരു വെല്ലുവിളിയായിരുന്നു. ഏറെ വിമർശനങ്ങളും പഴികളും കേട്ട നാളുകൾ. പിന്നീട് വന്ന കൊവിഡ് – 19 മഹാമാരിയും തുടർന്നുണ്ടായ സാമ്പത്തികത്തകർച്ചയും ഉല്പ്പാദന മേഖലയുടെ മാന്ദ്യവും എല്ലാം ബാങ്കിംഗ് മേഖലയെ ഗുരുതരമായി ബാധിച്ചതും കടുത്ത വെല്ലുവിളികളായി. പ്രതിസന്ധികളിൽ സർക്കാരിന് തുണയായും രാജ്യത്തിന് വേണ്ടി സേവനനിരതനായും സമ്പദ് വ്യവസ്ഥയ്ക്ക് താങ്ങായും നിലകൊണ്ട കർമ്മധീരൻ. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വന്ന യെസ് ബാങ്കിനെ പ്രതിസന്ധിയിൽ നിന്നും കരകയറ്റിയതും ഭരണത്തിൽ ഇടപെട്ട് തകരാതെ നിലനിർത്തിയതും സ്റ്റേറ്റ് ബാങ്കിന് നേടിത്തന്ന യശസ്സും ജനമനസ്സുകളിൽ പകർന്നിട്ട വിശ്വാസദൃഢതയും അളവറ്റതാണെന്നതും കൃതജ്ഞതയോടെ സ്മരിക്കട്ടെ. **ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!!**



## ശ്രീ.ദിനേഷ് കുമാർ ഖാര എസ്.ബി.ഐയുടെ ചെയർമാനായി



ശ്രീ.ദിനേഷ് കുമാർ ഖാര

നിലവിൽ മാനേജിംഗ് ഡയറക്റ്ററായിരുന്ന ശ്രീ.ദിനേഷ് കുമാർ ഖാരയെ എസ്.ബി.ഐയുടെ ചെയർമാനായി നിയമിച്ചു. 07.10.2020 മുതൽ മൂന്ന് വർഷത്തേയ്ക്കാണ് നിയമനം.

## ശ്രീ. രാജ് കിരൺ റായ്. ജി. ഇൻഡ്യൻ ബാങ്ക്സ് അസ്സോസിയേഷന്റെ ചെയർമാനായി

ഇൻഡ്യൻ ബാങ്ക്സ് അസ്സോസിയേഷന്റെ ചെയർമാനായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. രാജ് കിരൺ റായ് തിരെഞ്ഞെടുക്കപ്പെട്ടു. മുൻ എസ്.ബി.ഐ. ചെയർമാനും ഐ.ബി.ഐ. ചെയർമാനുമായിരുന്ന ശ്രീ. രജനീഷ് കുമാർ വിരമിച്ചതിനേത്തുടർന്നായിരുന്നു തിരെഞ്ഞെടുപ്പ്.



ശ്രീ. രാജ് കിരൺ റായ്. ജി.

വൈസ് ചെയർമാനായി എസ്.ബി.ഐയുടെ പുതിയ ചെയർമാൻ ശ്രീ.ദിനേഷ് കുമാർ ഖാരയും തിരഞ്ഞെടുക്കപ്പെട്ടു.

# ബാങ്ക് ഓഫ് മഹാരാഷ്ട്ര കേരളത്തിൽ സോണൽ ഓഫീസ് തുടങ്ങും

കേരളത്തിൽ അടുത്ത വർഷത്തോടെ ശാഖകളുടെ എണ്ണം 50 ആക്കി ഉയർത്തി സോണൽ ഓഫീസ് തുടങ്ങുമെന്ന് ബാങ്ക് ഓഫ് മഹാരാഷ്ട്ര എം.ഡിയും സി.ഇ.ഒ.യുമായ ശ്രീ.എ.എസ്. രാജീവ് വെളിപ്പെടുത്തി.




ശ്രീ. രാജീവ് കോട്ടയം ആർപ്പൂക്കര സ്വദേശിയാണ്. ഇപ്പോൾ ബാങ്ക് ഓഫ് മഹാരാഷ്ട്രയ്ക്ക് 13 ശാഖകൾ മാത്രമാണ് കേരളത്തിലുള്ളത്. ഈ വർഷം തുറക്കുന്ന 54 ശാഖകളിൽ 12 എണ്ണവും കേരളത്തിലാവും. ഇപ്പോൾ ബാങ്ക് ഓഫ് മഹാരാഷ്ട്ര സ്വകാര്യവത്കരിക്കാൻ പോകുന്നുവെന്ന വാർത്തയിൽ കഴമ്പില്ലെന്ന് അദ്ദേഹം പറഞ്ഞു.

# ബാങ്ക് ജീവനക്കാരെ പ്രകീർത്തിച്ച് കേന്ദ്ര ധനമന്ത്രി ശ്രീമതി. നിർമല സീതാരാമൻ




കേന്ദ്ര ധനമന്ത്രി ശ്രീമതി. നിർമലാ സീതാരാമൻ

രാജ്യം ലോക്ക്ഡൗണിലേയ്ക്ക് കടന്നപ്പോഴും അതിന് ശേഷവും ബാങ്ക് ജീവനക്കാർ ചെയ്തുവരുന്ന കഠിനാദ്ധ്വാനത്തെ പ്രകീർത്തിച്ച് കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമലാ സീതാരാമൻ. ബാങ്ക് ജീവനക്കാർ വളരെ ദുഷ്കരമായ സാഹചര്യങ്ങളിലും സർക്കാരിന്റെ എല്ലാ പദ്ധതികളും നടപ്പാക്കുന്നതിന് സർവാത്മനാ സഹരിച്ചുവരികയാണ്. ഈ സമർപ്പണത്തെ ഒരു ബിഗ് താങ്ക്സ് പറഞ്ഞല്ലാതെ അഭിമുഖീകരിക്കാനാവില്ലെന്ന് അവർ പറഞ്ഞു. പുതിയതായി നിയമിതനായ എസ്.ബി.ഐ. ചെയർമാൻ ശ്രീ. ദിനേഷ് കുമാർ ഖാരയോട് ഇന്ത്യൻ ബാങ്ക്സ് അസ്സോസിയേഷനുമായിച്ചേർന്ന് (ഐ.ബി.എ.) ചർച്ച ചെയ്ത് ജീവനക്കാരുടെയും പെൻഷകാരുടെയും കുടുംബ പെൻഷൻകാരുടേയും ദീർഘകാലമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരം കാണുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെന്നവർ വെളിപ്പെടുത്തി. ബിസ്സിനസ് ലൈനിന് അനുവദിച്ച ഒരു അഭിമുഖത്തിലാണ് അവർ ഇപ്രകാരം പ്രതികരിച്ചത്. പെൻഷൻ സംബന്ധമായി നിലവിലുള്ള എല്ലാ വിവേചനങ്ങളും ദീർഘകാലമായി സഹിച്ചു പോരുന്ന അനീതികളും മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും വാക്കുകളിലെങ്കിലും അനുഭാവം പ്രകടിപ്പിക്കുന്നതും ശുഭോദർക്കമായിട്ടാണ് പെൻഷൻകാർ കാണുന്നത്. അശ്വാസകരം തന്നെ.




# അടിസ്ഥാന നിരക്കുകളിൽ മാറ്റം വരുത്താതെ ആർ.ബി.ഐ.

പുറത്തു നിന്നുള്ള മൂന്ന് പുതിയ അംഗങ്ങളേ ഉൾപ്പെടുത്തി മോനിട്ടറി പോളിസി കമ്മറ്റി (എം.പി.സി) പുതുക്കിയ ശേഷം ഒക്ടോബർ ഒൻപതിന് കൂടിയ ആദ്യ യോഗത്തിൽ ആർ.ബി.ഐ. അടിസ്ഥാന നിരക്കുകൾ മാറ്റമില്ലാതെ തുടരുന്നതിന് തീരുമാനിച്ചു.



ആർ.ബി.ഐ. ഗവർണർ ശ്രീ. ശക്തികാന്ത ദാസ്

# ഒരു മര്യാദയൊക്കെ വേണ്ടേ?

## ടോമി ഇഗ്നേഷ്യസ് വെള്ളരിങ്ങാട്ട്



സഹതാപകരമായ ഒരു സാമൂഹികാവസ്ഥയാണ് നാട്ടിലിപ്പോൾ കാണുന്നത്.

1. ജോലി പോലീസുകാരനായാണ്. പക്ഷെ, പെറ്റിയ ടിക്കലാ ണ് പ്രധാന പണി.

2. ജോലി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്മെൻറിലാണ്. പക്ഷെ ഫൈനടിക്കലാണ് പണി.

### ഒരു മര്യാദയൊക്കെ വേണ്ടേ?

ഒരു പൗരൻ വണ്ടി വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഭൂലോക കൊള്ളയാണ് സർക്കാർ നടത്തുന്നത്. വിൽപന നികുതി കൊടുത്തു വാങ്ങുന്ന വാഹനത്തിന് അതിനു പുറമേ,

1. ഡിപ്രീസിയേഷൻ കണക്കാക്കിയാൽ ശരാശരി അഞ്ചു വർഷം മാത്രം ആയുസ്സുള്ള ഒരു വണ്ടിക്ക് പതിനഞ്ചു വർഷത്തെ റോഡ് ടാക്സ് മുൻകൂർ അടയ്ക്കുക എന്നത് ഒന്നാമത്തെ പിടിച്ചുപറി.

2. പതിനഞ്ചു വർഷത്തെ നികുതി ഒന്നിച്ചടച്ചിട്ടും റോഡിലോടണമെങ്കിൽ ടോൾ കൊടുക്കണമെന്നത് അതിനേക്കാൾ വലിയ പിടിച്ചുപറി.

3. ടോൾ കൊടുത്താലും ഗട്ടറിൽ വീണ് വണ്ടിയുടെയും നമ്മുടെയും നടുവൊടിഞ്ഞു പോവേണ്ടി വരുന്നത് ചതിവിലെ വഞ്ചന.

4. ബ്രാൻഡ് ന്യൂ പുതിയ വണ്ടി വാങ്ങുമ്പോൾ എന്തിനാണ് ഒരു ടെമ്പററി പെർമിറ്റ്? ഡീലർഷിപ്പിൽ നിന്ന് രെജിസ്റ്റർ ചെയ്ത് നേരെ നൽകിയാൽ പോരേ?

5. പുതുപുത്തൻ വണ്ടി എന്തിനാണ് ഫിറ്റ്നസ് ടെസ്റ്റ് ചെയ്യുന്നത്? കഴിഞ്ഞ പതിനഞ്ചു വർഷത്തിൽ എത്ര പുത്തൻ വണ്ടികൾ ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റിൽ പരാജയപ്പെട്ടിട്ടുണ്ട്?

4. ഫോർ ലൈൻ റോഡിൽ പോലും 70 കിലോമീറ്റർ സ്പീഡിൽ ഫൈനടിക്കലാണ്. എങ്കിൽ എന്തിനാണ് ഇത്രയും ബി.എച്ച്.പി. കൂടിയ എഞ്ചിനുകൾ? മന്ത്രിമാരുടെയും ജഡ്ജിമാരുടെയും ഉദ്യോഗസ്ഥരുടെയും വണ്ടികൾക്ക് ഇത് ബാധകമല്ല താനും.

5. 60 കിലോമീറ്റർ സ്പീഡ് ലിമിറ്റ് നിയമം മൂലം നടപ്പാക്കിയ നാട്ടിൽ സർക്കാർ ബസുകൾ ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ്, ലൈറ്റ് നിങ് എന്നൊക്കെ പറഞ്ഞാണ് യാത്രക്കാരോട് കൂടിയ ചാർജ് വാങ്ങുന്നത്. ഇത് ഒന്നാന്തരം തട്ടിപ്പല്ലേ ?

ഇതൊന്നും ചോദ്യം ചെയ്യാനീ നാട്ടിൽ ആളില്ലാത്തത് അതിശയം തന്നെയാണ്. ജനങ്ങളെ ഉദ്ധരിച്ചുലർത്തലാണ് തങ്ങളുടെ കടമയെന്നാണ് എല്ലാ രാഷ്ട്രീയക്കാരും പറയുന്നത്. എന്നാൽ സാധാരണക്കാരെ രാഷ്ട്രീയ ഭേദമെന്യേ സർക്കാർ പറ്റിക്കുന്നത്രയും ഒരു കുത്തക ബൂർഷ്വ ചൂഷകനും പറ്റിക്കുന്നു ണ്ട് എന്ന് തോന്നുന്നില്ല.

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ** ഒക്ടോബർ മാസത്തിലെ ഭരണ സമിതി യോഗം കോവിഡ് 19 ന്റെ നിയന്ത്രണങ്ങൾ മൂലം ഒക്ടോബർ മാസം 9ന് നിയന്ത്രിതമായി ഓൺലൈനില്ക്കൂടി നടത്തി. **അത്യാവശ്യ തീരുമാനങ്ങളും ജി.ഡി.സി.എസ്. നറുക്കെടുപ്പും നടത്തി പിരിഞ്ഞു.**

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഒക്ടോബർ മാസത്തിലെ നറുക്കെടുപ്പ് 9–ാം തീയതി വെള്ളിയാഴ്ച 11.30ന് ഓൺലൈനിൽ നടത്തി. നറു ക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി – വട്ടമെത്തി**
2. **25,000 രൂപായുടെ കുറി – വട്ടമെത്തി**
3. **50,000 രൂപായുടെ കുറി – വട്ടമെത്തി**
4. **100,000 രൂപായുടെ കുറി** –(97) ശ്രീ. ശ്രീ.അലക്സ് ജോസഫ്
5. **100,000 രൂപായുടെ കുറി** – (120) ശ്രീ.ഉണ്ണികൃഷ്ണ ൻ. എൻ.
6. **100,000 രൂപായുടെ കുറി** –(149.) ശ്രീ ജെയിംസ് തോമസ്
7. 100,000 രൂപായുടെ കുറി – (155) ശ്രീമതി.എൽസി രാജൻ

8. 100,000 രൂപായുടെ കുറി – (176) കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹക രണ സംഘം
നറുക്കെടുപ്പിൽ വിജയിച്ചവർക്ക് നവംബർ മാസം 13–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു.

## ക്ലെയിം ചെയ്യുന്നതിന്

ക്ലെയിംചെയ്യുന്നതിനുള്ളഅപേക്ഷാഫാറം ഓഫീ സിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധി ക്കുമല്ലൊ. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 94463 22416

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

കൊറോണാ വൈറസ് വ്യാപനം അധികരിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ അംഗങ്ങളെ ചേർക്കു ന്നതിനുള്ള പരിശ്രമങ്ങൾ തുടരുവാൻ കഴിഞ്ഞിട്ടി ല്ല. ഓഫീസ് മുഴുവൻ സമയവും പ്രവർത്തിക്കുവാ നും സാധിക്കാത്ത സാഹചര്യത്തിൽ ഈ മാസത്തിൽ പുതിയ "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് അപേക്ഷകർ ആരുമില്ല.

. .

### സി ക്ലാസ്സ്

ഇനിപ്പറയുന്ന 3 പേർക്ക് "സി" ക്ലാസ്സ് അംഗത്വം അനുവദിച്ചു.
1.ശ്രീമതി. സൂസമ്മ ജോർജ്ജ്, കാഞ്ഞിരത്തിനാ ൽ, കളത്തിപ്പടി, കോട്ടയം
2. ശ്രീ.ഇമ്മാനുവേൽ.വി.എ.
3.ശ്രീമതി.ഷീജ.പി., പായിക്കാട്ട്

## നവാഗതർക്ക് സ്വാഗതം!



## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഈ മാസം ആരംഭിച്ചു

നമ്മുടെ സംഘത്തിന്റെ എട്ടാമത്തെ 1,00,000 രൂപാ സല വരുന്ന ജി.ഡി.സി.എസ് കുറി ഒക്ടോബർ 28–ാം തിയതി ആരംഭിച്ച വിവരം സന്തോഷ പൂർവം അറിയിക്കുന്നു. സ്ഥിര നിർദ്ദേശം പ്രകാരം ഈ മാസം 28 മുതൽ തുക പിടിച്ച് തുടങ്ങി. സ്ഥിര നിർദ്ദേശം രജിസ്റ്റർ ചെയ്തുകൊണ്ടുള്ള സന്ദേശം പലർക്കും ഇതിനകം കിട്ടികാണുമെന്ന് കരുതുന്നു. ഈ വർഷം കൊവിഡ്– 19 മഹാമാരിയുടെ ദുർഘടം പിടിച്ച കാലത്തും നേരിൽ ബന്ധപ്പെട്ട് ജി.ഡി.സി.എസ്.8 തുടങ്ങാൻ സഹകരിച്ച എല്ലാവർക്കും നന്ദി.

## ഒൻപതാമത്തെ 25,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

25000 രൂപയുടെ ഒന്നും രണ്ടും കുറികൾ വട്ടമെത്തു ന്ന സാഹചര്യത്തിൽ ചെറിയ സംഖ്യയുടെ ജി.ഡി. സി.എസ് തുടർന്നും നടത്തണമെന്ന അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് 25,000 രൂപ സലയുള്ള ഒരു ജി.ഡി.സി.എസ്.കുറി ഉടൻ ആരംഭിക്കുകയാണ്. വട്ട മെത്തുന്ന കുറിയിൽ അംഗങ്ങളായിരുന്നവർക്ക് തുടർന്ന് പോകുവാൻ അവസരം. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.



ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.

# പെൻഷൻ ലോൺ

### മാത്യു അടയ്ക്കാമുണ്ടയ്ക്കൽ

(........കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച....)

Q: എത്ര വയസ്സുള്ളവർക്ക് പെൻഷൻ ലോൺ ലഭിക്കും ?

A: വ്യക്തിപരമായ ആവശ്യങ്ങൾക്ക് 76 വയസ്സ് വരെ ഉള്ളവർക്ക് ലോൺ കിട്ടും

Q: എത്രവരെ ലഭിക്കും ?

A: പരമാവധി 18 മാസത്തെ പെൻഷന് തുല്യമായ തുക വരെ വായ്പ്പ ലഭിക്കാം. പക്ഷേ EMI/NMI ratio 50%ത്തിന് മേൽ കൂടാൻ പാടില്ല .
എന്നാൽ;

1) 72 വയസുകാരന് പരമാവധി 14 ലക്ഷം. വരെ വായ്പ്പ ലഭിക്കാം. തിരിച്ചടവ് 60 മാസം കൊണ്ട്.

2) 72 മുതൽ 74 വയസു വരെ 12 ലക്ഷം. തിരിച്ചടവ് 48 മാസം

3) 74 മുതൽ 76 വയസ്സ് വരെ 7.50 ലക്ഷം തിരിച്ചടവ് 24 മാസം കൊണ്ട് .

സംശോധനപ്പടി (Processing fee) ഇല്ല.

### ഈട് ( Security )

ഫാമിലി പെൻഷന് അർഹത യുള്ള സ്പൗസ്ന്റെ ജാമ്യം
സ്പൗസ് ഇല്ലെങ്കിൽ കുടുംബാംഗം അല്ലെങ്കിൽ third പാർട്ടി ലോൺ തുകയ്ക്ക് ആസ്തിയുള്ള ആളായിരിക്കണം

ടോപ് up ലോൺ ഒരു വർഷം കഴിഞ്ഞു

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി മാത്രം

2) Fixed ഡെപ്പോസിറ്റിൽ ലോൺ പലിശ നിക്ഷേപത്തിന് തരുന്ന അതേ പലിശ

Q: ഓവർ ഡ്രാഫ്റ്റ് കിട്ടുമോ ?

A; കിട്ടും. കാലാവധിക്ക് അത് ക്ലോസ് ആകും



**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ,**
**ഡി. ജി .എസ്. കോട്ടയം**

Q: പെൻഷൻകാരുടെ പരാതി (Grievances) രേഖപ്പെടുത്താൻ ബാങ്കിന് ഏതെങ്കിലും ഹെൽപ്പ് ലൈൻ ഉണ്ടോ ?

A; ഉണ്ട്. അതിന്റെ പേരാണ് സഞ്ജിവിനി എച്ച്.ആർ. ഹെൽപ്പ് ലൈൻ

1) ഇത് **voice call no 022-22858130 (VRS)Voice Response System**

2) Email; sajeevanee-pensioner @sbi.in

HRMS ഇൽ രജിസ്റ്റർ ചെയ്ത ഇമെയിൽ നിന്ന് വേണം അയയ്ക്കാൻ കൂടാതെ PF.no/HRMS.no കൊടുത്തിരിക്കണം

**3) SMS- SMSHELPERHR FOLLOWED BY SPACE AND PF NO TO 567676**

അടുത്ത ദിവസം സഞ്ജീവനി ടീമിൽ നിന്ന് എച്ച്. ആർ. എം.എസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലേയ്ക്ക് വിളി വരും.

**Q. എന്തൊക്ക പരാതി പറയാം ?**

പെൻഷനുമായി ബന്ധപ്പെട്ട, പെൻഷൻ പേയിങ് ബ്രാഞ്ചിൽ പരിഹരിക്കാത്ത എല്ലാ പരാതികളും ഇതിന്റെ പരിധിയിൽ വരും

റിട്ടയറി അറിഞ്ഞിരിക്കേണ്ട മേഖലകൾ ?

1) പെൻഷൻ പെൻഷൻ പേയ്മെന്റ് ഇപ്പോൾ ഇവിടെ നിന്നു ലഭിയ്ക്കും. സാധാരണ ആദ്യത്തെ പെൻഷൻ വാങ്ങിച്ചുകഴിഞ്ഞാണ്പെൻഷൻ പേയ്മെന്റ് ഓർഡർ ലഭിയ്ക്കുക. ചിലപ്പോൾ ഒരു മാസത്തിൽ കൂടുതൽ സമയം എടുത്തേക്കാം.പെൻഷൻ വാങ്ങിയ്ക്കുന്ന ബ്രാഞ്ചിലേയ്ക്ക് ആണ് സാധാരണ അയയ്ക്കുന്നത്. ഇപ്പോൾ ലാമിനേറ്റ് ചെയ്താണ് വരുന്നത് . പെൻഷൻ പേയ്മെന്റ് ഓർഡർ ബ്രാഞ്ചിൽ നിന്നും വാങ്ങിച്ചു വെയ്ക്കാൻ മറക്കരുത് . മാത്രമല്ല സ്പൗസ് നെ ഇത് കാണിക്കുകയും ഭദ്രമായി എവിടെ ഫയൽ ചെയ്യുതു എന്ന് അവരോട് പറയുകയും വേണം.

Q ;നഷ്ടപ്പെട്ടാൽ ഡ്യൂപ്ലിക്കേറ്റ് കിട്ടുമോ ?

A ;കിട്ടും . അപേക്ഷ പെൻഷൻ ബ്രാഞ്ചിൽ കൊടുത്തു ലോക്കൽ ഹെഡ് ഓഫീസിലെ പി.പി.ജി. ഡിപ്പാർറ്റ്മെന്റിലേയ്ക്ക് ഫോർവേഡ് ചെയ്യണം

2)Q ;പെൻഷൻ അക്കൗണ്ട് വേറെ ഒരു ബ്രാഞ്ചിലേക്ക് മാറ്റാമോ?

A : മാറ്റാം ,ആദ്യത്തെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കിട്ടിക്കഴിഞ്ഞു അപേക്ഷ കൊടുക്കുക C/F മാറ്റണം PPG dept നെ ബ്രാഞ്ചിൽ നിന്ന് അറിയിക്കണം ,

3) പെൻഷനേഴ്സ് ഐഡി

മിക്ക സ്ഥലങ്ങളിലും ഇതുവരെ ഐഡി കാർഡുകൾ വ്യത്യസ്തമായ രീതിയിൽ ആയിരുന്നു. നമ്മുടെ സംഘടനായും മുൻകൈയെടുത്തു നല്ല സ്മാർട്ട് കാർഡ് രൂപത്തിൽ ഐഡി കാർഡ്കൾ ഇഷ്യൂ ചെയ്തിരുന്നു . ബാങ്ക് അതിന്റെ ചെലവ് വാഹിച്ചുപോന്നു . എന്നാൽ കാർഡുകൾക്കു എകിക്രത സ്വഭാവം ഇല്ലാതിരുന്നതു കൊണ്ടു പല ബുദ്ധിമുട്ടുകൾ ഉണ്ടാക്കി.

അതിനാൽ പെൻഷനേഴ്സ് ഐഡി കാർഡിന്റെ ഡിസൈൻ പരിഷ്കരിച്ചു എല്ലാ സ്ഥലങ്ങളിലും ഏകികൃതമാക്കി ക്കൊണ്ട് ബാങ്ക് 29.05.2020 ഇൽ സർക്കുലർ ഇറക്കി . ആകൃതി ,വലിപ്പം, കളർ ,ഉള്ളടക്കം എന്നിവ ക്രമവൽക്കരിച്ചു . ഇനി മുതൽ LHO PPG DEPT റിട്ടയർ ചെയ്യുന്നു സമയത്തു പുതിയ ഐഡി കാർഡ് നൽകും . മറ്റുള്ളവർക്ക് പഴയ കാർഡ് മാറ്റി പുതിയത് കൊടുക്കുമെന്നാണ് പറഞ്ഞിരിയ്ക്കുന്നത് അതിന്റെ ക്യമികരണങ്ങൾ സജ്ജമാകാൻ കുറച്ചു സമയും എടുക്കും അതുവരെ പെൻഷൻ പേയ്മെന്റ് ഓർഡറോടുകൂടി ഇപ്പോൾ തരുന്ന താത്കാലിക ഐഡി കാർഡ് ഉപയോഗിയ്ക്കുക .

## മുൻ അസ്സോസിയേറ്റ് ബാങ്ക് ജീവനക്കാർക്കുള്ള ഐ.ബി.എ.മെഡിക്കൽ ഇൻഷുറൻസ് സ്കീം

**esbt യിലെ IBA മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ (Good Health) നിലവിൽ അതായത് 31-10-2020 ഇൽ കാലാവധി തീരുന്ന പോളിസി ഉള്ളവർ ശ്രദ്ധിയ്ക്കക : പല അവസരങ്ങളും സാധ്യതകളും താഴെ കൊടുക്കുന്നു:**

**1) SBI ഹെൽത്ത് Assist ൽ പകുതി പ്രീമിയം അടച്ചു ഒക്ടോബർ 30ന് മുൻപായി അപേക്ഷ കൊടുക്കണം .വീണ്ടും 2021 ജനുവരി 15 ന് മുൻപായി മുഴുവൻ പ്രീമിയം 19520:-രൂപ അടച്ചു ഒരു വർഷത്തേയ്ക്ക് പുതുക്കുക .**

2) ഇപ്പോൾ ചേരാത്തവർ 2021 ജനുവരി ആദ്യം വരെ കാത്തിരിക്കുക എന്നിട്ട് ജനുവരി 15 ന് മുൻപ് മുഴുവൻ പ്രീമിയം അടച്ചു ചേരുക .
അപകടം :- അപ്പോൾ 2 1/2 മാസത്തേയ്ക്ക് വേറെ ഇൻഷുറൻസ് കവർ ഇല്ലാത്തവർ ആ റിസ്ക് എടുക്കണമോ? പകുതി പ്രീമിയം അടച്ചാൽ പോരെ !
3) SBI Assist സ്കീമിലേയ്ക്ക് ചേരാൻ താല്പര്യം ഇല്ലാത്തവർ നിലവിലുള്ള IBA പോളിസി പുതുക്കുക .

4)ഇതുവരെ ഒരു പോളിസി യും ഇല്ലാത്തവരും ഒരു മെഡിക്കൽ സ്കീമിൽ അംഗമല്ലാത്തവർ , ഫാമിലി പെൻഷനേഴ്സ് ഇവർക്ക് IBA യുടെ സ്കീമിൽ പുതിയതായി ചേരാൻ അവസരം ഉണ്ട് . അവാർഡ് സ്റ്റാഫ് ആയി റിട്ടയർ ചെയ്തവർക്ക് ഒരു ലക്ഷം മുതൽ 3 ലക്ഷം വരെ ഉള്ള ഏതെങ്കിലും പോളിസി എടുക്കാം എന്നാൽ ഓഫീസർസ് ആയി വിരമിച്ചവർക്കു ഒന്നുമുതൽ 4 ലക്ഷം വരെ യുള്ള പോളിസിയിൽ ചേരാം കൂടാതെ ചില നിബന്ധനകൾക്ക് വിധേയമായി സൂപ്പർ ടോപ്പ് ആപ്പും എടുക്കാം . അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 25/10/2020.സ്കാൻ ചെയ് തു lho ppg യിലേക്ക് ഈമെയിൽ ആയി അയക്കുക . താഴെ കൊടുത്തിരിക്കുന്ന ഈമെയിൽ കാണുക :-
On Fri, 23 Oct 2020 at 8:39 PM, <enrollment@fhpl.net> wrote:
Sir / Madam,

Greetings!

This is to inform you that IBA, SBT retirees current year policy is going to expire on 31st October 2020, and request you to renew the same on time. Please find the attached file for renewal consent form, e-mail the filled consent form on or before 25th October to ppg@sbi.co.in for renewal. For more detail's please contact 7909111146.

Thanks & Regards,

Team FHPL

ഇനി സാധരണ ഉണ്ടാകാവുന്ന സംശയങ്ങൾ

1) Q:നിലവിൽ IBA സ്കീമിൽ ഇല്ലാത്തവർക്ക് പുതിയതായി SBIHealth Assist ഇൽ പകുതി പ്രീമിയം അടച്ചു ചേരാമോ ?
A: ഇല്ല സാധിക്കാത്തില്ല എന്നാൽ IBA സ്കീമിൽ പുതിയതായി ചേരാൻ സാധിക്കും
2) Q: ജനുവരി 2021ഇൽ SBI ഹെൽത്ത് assist പുതുക്കുന്ന അവസരത്തിൽ പുതിയതായി ചേരാൻ സാധിക്കുമോ ?
Q: കഴിഞ്ഞ വർഷം ഈ സ്കീം എല്ലാവർക്കും വേണ്ടി തുറന്നിരുന്നു . അതിൽ ചേരാൻ മുന്ന് പ്രാവശ്യം നമ്മുടെ അസ്സോസിയയേഷന്റെ ഇടപെടിലൂടെ അവസരം തന്നു.2020, ജനുവരി 15 കൊണ്ട് തീരേണ്ടതു മാർച്ച് 31 വരെ നീട്ടി .
അത് കൊണ്ട് ഈ വർഷവും വീണ്ടും ഒരവസരം കിട്ടുമോ എന്ന് ഇപ്പോൾ പറയത്തില്ല, 2020 ഡിസംബർ അവസാനം സർക്കുലർ വന്നാലേ അറിയൂ . എല്ലാവർക്കും ഒരവസരം കുടി കൊടുക്കണമെന്നാണ് നമ്മൾ അവശ്യ പ്പെടുന്നത് .

esbt യിലെ നമ്മുടെ സുഹൃത്തുക്കളെ ഈ വിവരം അറിയിക്കണം അവർ യുക്തമായ തീരുമാനം എടുക്കട്ടെ . ഇപ്പോൾ ആശുപത്രി ചിലവുകൾ താങ്ങാവുന്നതിലും അപ്പുറമാണ് . പ്രായം ഏറി വരുമ്പോൾ അതിന്റെ സാദ്ധ്യതകൾ കൂടി വരും . അതുകൊണ്ടു നമുക്ക് പറ്റുന്ന ഏതെങ്കിലും ഒരു മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ചേരുക അവസരം പാഴാക്കരുത് ! ലാഭ നഷ്ടം കണക്കുകൂട്ടൽ ഈ കാര്യത്തിൽ ഇല്ലാതിരിക്കുന്നതാണ് നല്ലത് !

സംശയങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്
mob 9446046899

# മെഡിക്കൽ ഇൻഷുറൻസ് എസ്.ബി.ഐ. ഹെൽത്ത് കെയർ

(.......കഴിഞ്ഞ ലക്കത്തിൽ നിന്നും തുടരുന്നു .....,.)

Q11 : സാധാരണ ഇൻഷുറൻസു മായി ബന്ധപ്പെട്ടു കേൾക്കുന്ന വാക്കുകളാണ് TPA , ബ്രോക്കർ , ഇൻഷുറൻസ് കമ്പനി ഒന്ന് വിശദികരിക്കാമോ ?

A ; ഏതൊരു മെഡിക്കൽ ഇൻഷുറൻസ് സ്കീമിനും പ്രാധാനമായി 5 പാർട്ടി കൾ ആണ് ഉള്ളത്
1) ഇൻഷുർ ചെയ്യപ്പെട്ട ആള്
2) എംപ്ലോയർ
3) ഇൻഷുറൻസ് കമ്പനി
40 ബ്രോക്കർ
5)TPA or Third Party Administration

ഇതിൽ ബ്രോക്കർ ആണ് പ്രീമിയം ബാങ്കിനുവേണ്ടി ഇൻഷുറൻസ് കമ്പനി യുമായി negotiate ചെയ്തു തീരുമാനിക്കന്നതും അതിന്റ നടത്തിപ്പിന് സഹായിക്കുന്നതും പരാതി ഉണ്ടായാൽ പരിഹരിക്കുന്നതും TPA യാണ് ഇൻഷുറൻസിന്റ ഐഡി അയച്ചുതരുന്നത് , ആശുപത്രി കളുമായി Tie up ഉണ്ടാക്കുന്നത് ,ബില്ലുകൾ പ്രോസസ്സ് ചെയ്ത് ഇൻഷുറൻസ് കമ്പനിയ്ക്ക് അയക്കുന്നത് . ചുരുക്കിപ്പറഞ്ഞാൽ ഇവരും മായിട്ടാണ് കൂടുതൽ സമയം ബന്ധപ്പെടുന്നത്

Q12 : ഇവരുടെ പേരുകൾ പറയാമോ
ഇൻഷുറൻസ് കമ്പനി ; SBI ജനറൽ ഇൻഷുറൻസ് Company
ബ്രോക്കർ : ആനന്ദ് Rethi
TPA : Vidal ഹെൽത്ത്.Care

Q 13:ആശപത്രിയിൽ പ്രവേശിച്ചാൽ ഇൻഷുറൻസ് ക്ലെയിം കിട്ടാൻ എന്തെല്ലാം ശ്രദ്ധിക്കണം
i ക്യാഷ്ലെസ്സ് സൗകര്യം

A :ആദ്യം നെറ്റ്വർക്ക് ഹോസ്പിറ്റൽ ആണോയെന്ന് ചെക്ക് ചെയ്യുക ഒന്നുകിൽ അവരുടെ website ഇൽ ലിസ്റ്റ് ഓഫ് ഹോസ്പിറ്റൽസ് കൊടുത്തിട്ടുണ്ട് കൂടാതെ ഹോസ്പിറ്റകളിൽ TPA യുടെ പേരുകൾ പ്രദർശിപ്പിച്ചിട്ടുണ്ടാവും അല്ലെങ്കിൽ അവരുടെ ഇൻഷുറൻസ് സെക്ഷനിൽ ചോദിച്ചാൽ മതിയാകും .

Hospitalisation രണ്ട് വിധത്തിൽ
1) Planned hospialisation
2) 2)എമെർജൻസിയും ഉണ്ട് .

Planned hospitalisation ആണെങ്കിൽ 1)ഡോക്ടറോട് ഇൻഷുറൻസിന്റെ കാര്യം പറയാം
2) ഹോസ്പിറ്റൽ ഇൻഷുറൻസ് ഡെസ്കിൽ TPA അയച്ചു തന്ന ഇൻഷുറൻസ് ഐഡി കാർഡ് ,ആധാർ കാർഡ് അതിന്റെ കോപ്പി , സഹിതം അവിടെ ഏൽപ്പിക്കുക 48 മുതൽ 72 മണിക്കൂർ കൊണ്ട് ഹോസ്പിറ്റൽ TPA ആയി ബന്ധപ്പെട്ടു ക്യാഷ്ലെസ് ന് അനുമതി വാങ്ങിക്കും

എമർജൻസി കേസ് ആണെങ്കിൽ മേല്പറഞ്ഞ പ്രമാണങ്ങൾ കൊടുത്താൽ വളരെ വേഗന്ന് അംഗീകാരം വാങ്ങിക്കും.

ii റിയുംബർസ്മെന്റ് സൗകര്യം

നെറ്റ്വർക്ക് ഹോസ്പിറ്റൽ അഥവാ ടൈ ആപ്പ് അല്ലെങ്കിൽ റിയുംബർസ്മെന്റ് സൗകര്യം ആണ് ഉള്ളത് :

ആശുപത്രിയിൽ പ്രവേശിക്കുന്ന ഉടനെയോ ഡിസ്ചാർജിന് മുൻപായി ഐഡി കാർഡിലെ ടോൾ ഫ്രീ നമ്പറിലോ ഇമെയിൽ വഴിയോ TPA വിവരം അറിയിക്കണം അവർ തരുന്ന ക്ലെയിം ഇന്റിമേഷൻ നമ്പർ അഥവാ റഫറൻസ് നമ്പർ ക്ലെയ്യിംഫോമ പാർട്ട് A യിൽ രേഖ പെടുത്തണം
ഒരു മാസത്തിനകം ക്ലെയിംഫോം പൂരിപ്പിച്ചു എല്ലാ ബില്ലുകളും ഒറിജിനൽ ലാബ് റിപ്പോർട്ട് ,xray സ്കാനിംഗ് ,( ഫിലിം ഉൾപ്പെടെ )റിപ്പോർട്ട് സഹിതം പെൻഷൻ പേയിങ് ബ്രാഞ്ചിൽ കൊടുക്കുക. ക്ലെയിംഫോം ന്റെ പാർട്ട് B ഹോസ്പിറ്റൽ കാർ ഒപ്പിട്ട് തരണം inurance ഐഡി യും ആധാറിന്റെ കോപ്പിയും cancelled ചെക്കും ecs ഫോം അതോടുകൂടി ഒരു ലക്ഷത്തിൽ കുടുതൽ ആണെങ്കിൽ പാൻ കാർഡിന്റെ കോപ്പി വെക്കണം

Q 14: ഇൻഷുറൻസ് ന്റെ ഐഡി കാർഡ് കിട്ടുന്നില്ലായെങ്കിൽ എന്തു ചെയ്യണം
അതിന്റെ ഈ കാർഡ് generate ചെയ്യാം
A )whatsapp വഴി ലഭ്യമാക്കാൻ എന്ത് ചെയ്യണം
1)ഒരു missed call-022 48926099
2)അവരുടെ ഒരു message വരും
3) Vidal ന്റെ. mob no 95133 30000
contact ഇൽ save ചെയ്യുക

എന്തൊക്കെ സൗകര്യങ്ങൾ whats app വഴി

1) E കാർഡ് ലഭിയ്ക്കാൻ ECARD എന്ന് TYPE ചെയ്യുക
2) ബിൽ കൊടുത്തത്തിന്റെ സ്ഥിതി CLAIM
എന്ന് type ചെയ്യുക
3) അന്വക്ഷണങ്ങൾ QUERY എന്ന് ടൈപ്പ് ചെയ്യുക

B) പോർട്ടൽ വഴി -google ഇൽ VIDAL HEALTH INSURANCE TPA എന്ന് ടൈപ്പ് ചെയ്യുക
അല്ലെങ്കിൽ :https://tips.vidalhealthtpa.com/vidalhealth/index.htm
ഹോം പേജിൽ മുകളിൽ വലതുവശത്തു കാണുന്ന ബോക്സിൽ user ഐഡി യും pw കൊടുക്കുക
LOGIN : >Employee login >user id : eg SBI...PF/ HRMS no. SBI3666666
PW ; PF/HRMS NO
pw മാറ്റാൻ ആവശ്യപ്പെടും കുറഞ്ഞത് 8 എണ്ണം ഉണ്ടാവാകണം അതിൽ ക്യാപിറ്റൽ അക്ഷരം ചെറിയ അക്ഷരം $/&/@ symbol പിന്നെ അക്കം ഉദാ : Sankar@1960
എല്ലാ AO യിലും TPA യുടെ ആള് ഉണ്ടാകും കൂടാതെ സഹായിക്കാൻ നമ്മുടെ നേതാക്കന്മാരും ഉണ്ടാകും
iii ഡൊമിസൈലിയറി സൗകര്യം
Q15 ;ഡൊമിസൈലിയറി എന്ന് പറഞ്ഞാൽ എന്താണ് ?

A ; ആശുപത്രിയിൽ കിടക്കേണ്ടതാണെങ്കിലും ആശുപത്രിയിൽ കിടക്കാതെ ഡോക്ടറുടെ prescription ന്റെ അടിസ്ഥാനത്തിൽ മരുന്ന് വാങ്ങിച്ചു തുടർ ചികിത്സയ്ക്കുള്ള ചിലവ് reimburse ചെയ്തു കിട്ടുന്ന സൗകര്യത്തിനാണ് ഡൊമിസൈലിയറി എന്ന് പറയുന്നത്

Q 16: ഡൊമിസൈലിയറി യ്ക്ക് ഏത്രയാണ് പരിധി ?

A : ഒരുരുത്തരുടേയും ലിമിറ്റിന്റെ 10% മാണ് ലൈഫ് long കിട്ടുന്നത് . അതിന്റെ 1% മാണ് ഓരോ വർഷവും ലഭിക്കുന്നത്

ഉദാ : 7 ലക്ഷം ലിമിറ്റ് ഉള്ള ആളിന് ആകെ കിട്ടാനുള്ളത് 70000 രൂപ ഓരോ വർഷവും 7000/- രൂപ

Q17 ; ഡൊമിസൈലിയറി എങ്ങനെ ക്ലെയിം ചെയ്യും

A ; ഡൊമിസൈലിയറി ക്ലെയിം ഫോം പൂരിപ്പിച്ചു ഡിക്ടറിന്റെ 3 മാസത്തിൽ കൂടുൽ പഴക്കമില്ലാത്ത കുറിപ്പടി തുടർ ചികിത്സയാണെങ്കിൽ 6 മാസം വരെ പഴക്കം ആകാം .ബിൽ , ഇൻഷുറൻസ് ഐഡി കോപ്പി സഹിതം ഓരോ മാസവും പെൻഷൻ പേയിങ് ബ്രാഞ്ചിൽ കൊടുക്കുക
തുടരും ....,,,

# ലൈഫ് സർട്ടിഫിക്കറ്റ്



**എ.ജയകുമാർ**
**ജനറൽ സെക്രെട്ടറി**

നമ്മുടെ സംഘടനയ്ക്കും ഫെഡറേഷൻ ജനറൽ സെക്രട്ടറി ശ്രീ രമേശ് ബാബുവിനും അഭിവാദ്യങ്ങൾ !

നമ്മൾ ആവശ്യപ്പെട്ടതനുസരിച്ചു ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പണം ഡിസംബർ 31 വരെ നീട്ടുകയും ബ്രാഞ്ചിൽ സന്ദർശനം നടത്താതെ ഈമെയിൽ വഴി ഫോം അയച്ചു കൊടുത്തു കാര്യങ്ങൾ ലളിതമാക്കിയിരിക്കുന്നു .അതിന്റെ നടപടിക്രമങ്ങൾ താഴെ കൊടുക്കുന്നു :-

1) 80 വയസ്സും അതിന് മുകളിൽ ഉള്ള സീനിയർ പെൻഷൻകാർ ഒക്ടോബർ ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള കാലാവധിയ്ക്കുള്ളിൽ ലൈഫ് സർട്ടിഫിക്കേറ്റ് സമർപ്പിച്ചാൽ മതി

2) മറ്റ് പെൻഷൻകാരും ഫാമിലി പെൻഷൻകാരും നവമ്പർ ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള കാലാവധിയ്ക്കുള്ളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കണം

3) ഫാമിലി പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് ന്റെ അടി ഭാഗത്തു കൊടുത്തിരിക്കുന്ന nonmarriage and നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് കുടി ഒപ്പിട്ട് കൊടുക്കണം

4) ഒപ്പിട്ട ഫോം സ്കാൻ ചെയ്തു പെൻഷൻ പേയിങ് ബ്രാഞ്ചിന്റെ ഈമെയിൽ ഐഡി യിലേക്ക് അയയ്ക്കണം . ബ്രാഞ്ച് ഈമെയിൽ ഐഡി എപ്പോഴും sbi യ്ക്ക് ശേഷം ഒരു ഡോട്ട് അല്ലെങ്കിൽ കുത്തും 5 അക്കമുള്ള ബ്രാഞ്ച് കോഡ് ചേർത്താണ് ഡൊമൈൻ sbi.co.in ഉദാ . തിരുനക്കര ബ്രാഞ്ച് ഈമെയിൽ ഐഡി sbi.08633@sbi.co.in

5) ബ്രാഞ്ചിലെ നടപടി

i ഈമെയിലിൽ കിട്ടിയ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺ ലോഡ് ചെയ്യുന്നു

ii ലൈഫ് സർടിഫിക്കറ്റിലെ ഒപ്പ് ബാങ്ക് അക്കൗണ്ടിന് കൊടുത്തിരിക്കുന്ന ഒപ്പുമായി ഒത്തുനോക്കും
iii ലൈഫ് സർട്ടിഫിക്കേറ്റ് അയച്ചത് പെന്ഷനെർ ആണെന്ന് SMS വഴി ബ്രാഞ്ച് മാനേജർ ഉറപ്പാക്കുന്നു
iv പെൻഷൻ അക്കൗണ്ടിൽ 6 മാസമായി ഇടപാട് ഇല്ലായെങ്കിൽ ഫോൺ വിളിച്ചു ആളുതന്നെയെന്നു വ്യക്തത വരുത്തും
v അതിന് ശേഷം HRMS ഇൽ അപ്ലോഡ് ചെയ്യുകയും അത് ബ്രാഞ്ച് മാനേജർ approve ചെയ്യുന്നതോടുകൂടി ഓട്ടോമാറ്റിക് ആയി acknowlegement ഈമെയിൽ അഥവാ SMS വഴി മെസ്സേജ് ആയി പെന്ഷന്കാര്ന് ലഭിക്കുന്നു .
vi പറ്റുന്നവർ HRMS ൽ ലോഗിൻ ചെയ്തു ലൈഫ് സർട്ടിഫിക്കറ്റിന്റെ കാലാവധി 2021 ഒക്ടോബർ 31 വരെ ആണോയെന്ന് ചെക്ക് ചെയ്യുക

vii ലൈഫ് സർട്ടിഫിക്കറ്റ് - ഫോർമാറ്റ് താഴെകൊടുക്കുന്നു .

State Bank of India Branch……………………………..
( To be submitted by the pensioner once in a year in every November)
Certified that I have seen the pensioner Smt / Shri / Ms ……………………………………………………………………………
……………………………………………………………………
Holder of Pension Payment Order No/PF Index No…………………………………………………………………… …… And that he / she is alive on this date. Name:……………………………………………………………….
……………………………………………………………
Designation of Authorised Officer:………………………………………………………………
………………………. Place : ………………………….
Date : ……………………………. Signature of the Authorised Officer (Seal) II. Non-Employment /Re-Employment Certificate i) I declare that I have not been serving in any capacity either in a Government Department / Office, company, corporation, autonomous body or Society of Central or State Government or Union Territory or a Local Fund during the half ....year ended May/November, 20................. OR I declare that I have been employed/re-employed in the Office......................... Whichis a part of / financed by........................................ Govt. and was in receipt of the following monthly rates of emoluments during the half year ended May/November, 20........... Or during the month of ........................ falling within the said half year. (a) Pay...................................... Special Pay.................................... Allowances.................................. (including DA., ADA etc.) OR (b)Honorarium...................................... Further , that the orders of my re-employment do/do not stipulate my pension being held in abeyance during the re-employment period. OR *(ii) I declare that I have not accepted any commercial employment in India. OR I declare that I have accepted commercial employment in India, after obtaining previous sanction of the Central Government and none of the conditions, if any, attached thereto by Government has been violated. Note : this declaration is required to be given for a period of two years from the date of retirement. *(iii) I declare that I have not accepted any employment under a Government outside India / an International Organisation of which the Government of India is not a member . OR I declare that I have accepted employment under a government outside India/ an International Organisation of which Government of India is not a member after obtaining the previous sanction of the Central Government and none of the conditions attached thereto by the government has been deviated from. Name of the Pensioner………………………………………………………
…………………….. Signature…………………………………
Plac……………………………………………………………….
Date……………………………………… III. Certificate of Non-Re-Marriage / Non-Marriage I hereby declare that I am not married / have not been married during the past six months. OR *I hereby declare that I have not been re-married and I undertake to report such an event promptly to the bank. *Applicable only for widow recipient of family pension and to be furnished only once. Signature ......................... Name of the Pensioner.................................................................. .. PF No…………… Place :…………………………………………………………………………
…………. Date :……………………… I certify to the best of my knowledge and belief that the above declaration is correct. Signature of a responsible Officer or a well known Person……………………………………………………
Place:…………….
Name:............................................................
Designation:...........................................
Address…………………………………………………………………
…………………………………………………………………………
……………………
Date :.............................

# സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ കാസർഗോഡ് ജില്ലാ ഘടകത്തിന്റെ വാർഷിക പൊതുയോഗം



കാസർഗോഡ് ജില്ലാ ഘടകത്തിന്റെ പൊതുയോഗം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ

എസ്.ബി.ഐ. കാസർഗോഡ് ഡിസ്ട്രിക്റ്റ് ജനറൽ ബോഡി യോഗം കാഞ്ഞങ്ങാട് വച്ച് സൂം നെറ്റ്വർക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ ചെർന്നു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.എ.ജയകുമാർ യോഗം ഉത്ഘാടനം ചെയ്തു. ഡി.ജി.എസ്. ശ്രീ ജോസ് മർസിലിൻ എ.ജി.എസ്. ശ്രീ. സേതുമാധവൻ നായർ എന്നിവർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി ശ്രീ. എം.വിജയൻ റിപ്പോർട്ട് അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചു. ജില്ലാ ട്രഷറാർ കണക്കുകളും അവതരിപ്പിച്ച് പാസ്സാക്കി. ജില്ലയിലെ ഏറ്റവും മുതിർന്ന അംഗം ശ്രീ.ഭാസ്കരൻ നായരെ യോഗം ആദരിച്ചു.

# സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ കണ്ണൂർ ജില്ലാ ഘടകത്തിന്റെ ഭരണസമിതി യോഗം

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസ്സോസിയേഷൻ കണ്ണൂർ ജില്ലാ ഘടകത്തിന്റെ ഭരണസമിതി (എക്സിക്യൂട്ടീവ് കമ്മിറ്റി) ഒക്ടോബർ 17–ാം തിയതി ശനിയാഴ്ച്ച ഓൺലൈനിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ യോഗം ചേർന്നു. 11 പേർ പങ്കെടുത്തു.



കണ്ണൂർ ജില്ലാ ഘടകത്തിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി യുടെ യോഗം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തിയപ്പോൾ

യോഗം വൈകുന്നേരം 4 മണിക്ക് ആരംഭിച്ചു . 13 എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളിൽ 11 പേർ യോഗത്തിൽ പങ്കെടുത്തു. വൈസ് പ്രസിഡന്റ്, ശ്രീ. രാജാ കുറുപ്, ഡിജിഎസ്, ശ്രീ: ജോസ് മാർസെലിൻ എ.ജി.എസ് ശ്രീ. സേതുമാധവൻ നായർ എന്നിവർ കൂടി യോഗത്തിൽ സന്നിഹിതരായിരുന്നു.

യോഗത്തിൽ ജില്ലാ പ്രസിഡന്റ് ശ്രീ സേതുരത്നം അധ്യക്ഷത വഹിച്ചു. ജില്ല സെക്രട്ടറി ശ്രീ കെ.കെ. നാരായണൻ, പങ്കെടുത്തവരെ സ്വാഗതം ചെയ്തു. കാസറഗോഡിൽ പുതിയ ഡിസ്പെൻസറി തുറക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ശ്രീ. രാജാ കുറപ്പ് സംസാരിച്ചു. മെഡിക്കൽ ഇൻഷുറൻസിന് കീഴിൽ ,കണ്ണൂരിലെ രണ്ട് ആശുപത്രികളുടെ നെറ്റ്വർക്കിംഗിനെക്കുറിച്ചും കണ്ണൂർ ജില്ലയിലെ കൂടുതൽ ആശു പത്രികളിൽ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് വിഡാൽ നൽകിയ ഉറപ്പിനെക്കുറിച്ചും ശ്രീ ജോസ് മാർസെലിൻ അംഗങ്ങളെ അറിയിച്ചു. ജില്ലാ യൂണിറ്റിന്റെ സംഘടനാ കാര്യങ്ങളെക്കുറിച്ചും പുതിയ സംവിധാനത്തിലൂടെ ലൈഫ് സർട്ടിഫിക്കറ്റ്സമർപ്പിക്കുന്നതിന് മുതിർന്ന പെൻഷൻകാരെ എങ്ങനെ സഹായിക്കാമെന്നും യോഗത്തിൽ ചർച്ച ചെയ്തു. എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ചർച്ചകളിൽ സജീവമായി പങ്കെടുത്തു. 15 . 11.2020 ന് മുമ്പ് ഗൂഗിൾ മീറ്റ് വഴി അടുത്ത ജനറൽ ബോഡി മീറ്റിംഗ് നടത്താനും മീറ്റിംഗിൽ തീരുമാനമായി .

വൈകിട്ട് 5.30 ന് ട്രഷറർ ശ്രീ എം കൃഷ്ണൻ നന്ദി അറിയിച്ചുകൊണ്ട് യോഗം സമാപിച്ചു.




ശ്രീ. എ.സതീഷിന് അഭിനന്ദനങ്ങൾ!!

Sri A Satish is our member

# നർമ്മ വീഥി




ആരാണീ കാറിന്റെ ഉടമസ്ഥൻ? രാജ്യത്തിന് അറിഞ്ഞിട്ട് അത്യാവശ്യമു□ ്.

**ഏറ്റവും അധികം നുണകൾ പറയുന്നത്** ബൈബിൾ, ഖുർആൻ, ഭഗവത് ഗീത എന്നിവയിൽ തൊട്ട ശേഷമാണ്.

**സ്ഥലം: കോടതി**

😔😔😔😔

ഏറ്റവും അധികം സത്യങ്ങൾ പറയുന്നത് **അച്ചാറിൽ തൊട്ട ശേഷമാണ്** .

**സ്ഥലം: ബാർ**

😂😂😂😂






# കൗതുക വാർത്തകൾ

പപ്പായ മരത്തിൽ തണ്ണി മത്തൻ :കാലം മാറുന്നു: കോലവും ' ഇനി പ്ലാവിൽ മാങ്ങയും മാവിൽ ചക്കയും വരുന്ന കാലം അതിവിദൂരമല്ല.



ഒരു നിരൂപണം (കമന്റ്): അപ്പൊഴേ പറഞ്ഞതാ കപ്ലവും തണ്ണിമത്തനും അടുത്തടുത്ത് നടല്ലേ നടല്ലേന്ന്. കേൾക്കഛ ! ഇപ്പോ എന്തായി?




"This painting was done by artist Walter Molino in 1962.... and he titled the painting "Life in 2022"

ഇത് എടുക്കാൻ സായിപ്പ് കൈപറ്റിയ തുക. 2001 പൊൻപണവും 400കിന്റല് കുരുമുളകും



കേരളത്തിലെ ആദ്യ ഫോട്ടോ: (1860)
ആയില്യം തിരുനാൾ മഹാരാജാവും രാജപത്നിയ



PM said our forces are ready to deliver any time.




- ഓട്ടോ-ടാക്സി പാർക്കിംഗ് ടാർ റോഡിൽ നിന്ന് ഒന്നര മീറ്റർ അകലെ വേണമെന്ന് ഹൈക്കോടതി ഉത്തരവ്.
- ഓട്ടോ-ടാക്സി സ്റ്റാന്റ് ബോർഡുകൾ എടുത്തുമാറ്റണം.
- ടാക്സി സ്റ്റാന്റുകൾക്ക് വേറെ സ്ഥലം കണ്ടെത്തണം.
- ഒരു മാസത്തിനകം ഉത്തരവ് നടപ്പാക്കണമെന്നും കോടതി നിർദ്ദേശം.

## യാത്രയയപ്പ്

എസ്.ബി.ഐ. തൃപ്പൂണിത്തുറ ശാഖയിലെ മൊത്തം ജീവനക്കാരും ചേർന്ന് ശ്രീമതി. രഞ്ജിനി.സി.യ്ക്ക് യാത്രയയപ്പ് നല്കി. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീമതി. രഞ്ജിനിയെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് ക്ഷണിക്കുന്നു.



എസ്.ബി.ഐ. തൃപ്പൂണിത്തുറ ശാഖയിലെ ശ്രീമതി. രഞ്ജിനി.സി. യുടെ യാത്രയയപ്പ് വേളയിൽ



രഞ്ജിനി.സി. യുടെ യാത്രയയപ്പ് സമ്മേളനത്തിൽ എടുത്ത ഗ്രൂപ് ഫോട്ടൊ.

## ശ്രീമതി. സുജാത രഘുനാഥ്

എസ്.ബി.ഐ. കു□ ന്നൂർ ശാഖയിലെ മൊത്തം ജീവനക്കാരും ചേർന്ന് ശ്രീമതി. ശ്രീമതി. സുജാത രഘുനാഥിന് യാത്രയയപ്പ് നല്കി. യാത്രാമംഗളങ്ങൾ!! ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ ജീവിതം ആശംസിക്കുന്നു. ശ്രീമതി. ശ്രീമതി. സുജാതയെ എസ്.ബി.ഐ. പെൻഷനേഴ് സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടന യിലേയ്ക്ക് ക്ഷണിക്കുന്നു.



കു□ ന്നൂർ ബ്രാഞ്ചിൽ (Code:16073) നിന്നും വിരമിച്ച ശ്രീമതി. സുജാത രഘുനാഥിന് യാത്രയയപ്പ് നല്കിയ വേളയിൽ

## വായനക്കാർ എഴുതുന്നു........




www.shutterstock.com · 751048156

പ്രിയ എംജിആർ,
കഴിഞ്ഞ ഒരാഴ്ചയിലേറെയായി നമ്മുടെ സ്പെഷൽ ബുള്ളറ്റിന്റെ,അവസാന മിനുക്ക് പണികളുടെ, ഇത്തിരി കൂടിയ തിരക്കിലായിരുന്നു ഞാൻ. അതുകൊണ്ട് തന്നെ 'ഓസിസി' ന്റെ, സപ്തംബർ ലക്കം കിട്ടിയ ഉടനെ ഒന്ന് മറിച്ചു നോക്കാനേ കഴിഞ്ഞുള്ളൂ. മാത്രവുമല്ല പതിവിലും വ്യത്യസ്തമായി ഇത്തവണ കനം സ്വൽപം കൂടിയതയായും തോന്നി. അത് കൊണ്ട് വിശദമായ വായനയ്ക്കായി ഞാനത് മാറ്റിവെച്ചു. എല്ലാ തിരക്കും അവസാനിപ്പിച്ചു ഇന്ന് ഞാൻ ഓസിസിനെ ഒന്നുപോലും വിട്ടുപോകാതെ വായിച്ചു. ഞാൻ മുൻപ് പറഞ്ഞത് തന്നെ ആവർത്തിക്കുന്നു, വിഭവസമൃദ്ധമായ വർണ്ണശബളമായ ഉപഹാരം.

കൃത്യമായി അടുക്കിലും ചിട്ടയിലും ഒരുക്കിയ ഉള്ളടക്കം. എൻബിഎഫ്സിയെ കുറിച്ചുള്ള മുഖലേഖനം അവസരോചിതമായി. ലേഖകൻ ശ്രീ സിബി ചാണ്ടിയെ പരിചയപ്പെടുത്തേണ്ടിയിരുന്നു എന്ന് തോന്നി. ടി ജെ ജോസഫിന്റെ, "ഹ്രസ്വ ജീവിതം" ഇഷ്ടമായി. മാത്യുവിന്റെ, "ഫാമിലി പെൻഷനെ" കുറിച്ചുള്ള വിശദീകരണം ഒരുപാട് പേർക്ക് ഉപകാരപ്പെടും. രണ്ടു പേർക്കും അഭിനന്ദനങ്ങൾ. ഒരേയൊരു നിർദേശം മാത്രം. മാസികയിൽ എല്ലാടവും ഒരേ ഫോണ്ട് ഉപയോഗിച്ചാൽ ഏറെ ഭംഗിയാവും.

ഒയാസിസിന് പിറകിലെ താങ്കളുടെ കഠിനാധ്വാനത്തെ പ്രകീർത്തിക്കുന്നതോടൊപ്പം തന്നെ താങ്കൾക്കും ടീമിനും അനുമോദനങ്ങളും.
സ്നേഹത്തോടെ



രാജീവൻ.

## വിമർശന നിരീക്ഷണങ്ങളെ അന്ധമായി ചെറുക്കരുത്

-----------------------------------------

ഇക്കാലത്തു , ജീവിതത്തിന്റെ എല്ലാ തുറകളിലും ആബാലവൃദ്ധം ജനങ്ങളും എന്തിനെക്കുറിച്ചും വിമർശനപരമായ നിരീക്ഷണങ്ങൾ ഉടനുടൻ നടത്തുന്ന പ്രവണതയുണ്ട്. ഈ നിരീക്ഷണങ്ങളിലേറെയും ഉപരി നന്മ കരുതി തന്നെയാണ് നടത്തപ്പെടുന്നത് . അല്ലാത്തവയും ഉണ്ടാകാം.

ഇതിനോടൊപ്പം എല്ലാ രംഗത്തും ഒരു ദുഷ്പ്രവണ തയും വളരുന്നതായി കാണാം. ഇത്തരം നിരീക്ഷണങ്ങ ളോടു പുലർത്തപ്പെടുന്ന അസഹിഷ്ണുതയാണ് ആ ദുഷ്പ്രവണത .

നേതൃതലത്തിലുള്ള തീരുമാനങ്ങളും നടപടികളും വിമർശി ക്കപ്പെടുമ്പോൾ വിമർശകരുടെ മനസു ചികയുന്ന ഈ പുത്തൻ പ്രവണത ഉത്തരവാദപ്പെട്ടവർ ഒഴിവാക്കണം. വിമർശനങ്ങൾ വഴി അനേകം കുറവുകളും മെച്ചപ്പെട്ട നിർദേശങ്ങളും മുമ്പോട്ടു വന്നേക്കാം. വിമർശന നിരീക്ഷണങ്ങളെ പാടേ അവഗണിക്കുന്നതു കൊണ്ടും നിരുത്സാഹപ്പെടുത്തുന്ന തു കൊണ്ടും സമൂഹത്തിനു വലിയ തൽസമയ നഷ്ടം ഉണ്ടായെന്നു വരാം. ദുരുദ്ദേ ശപരമായ വിമർശന ങ്ങളെ സന്മനസോടേ , മാന്യമായി , വിയോജിപ്പു രേഖ പ്പെടുത്തി, സ്വീകരിക്കാതിരിക്കുക മാത്രമാണ് കരണീ യം .



**പി.പി.ഫിലിപ്പ്,**
**വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ**

സർ,

ഇക്കഴിഞ്ഞ ഒയാസിസ് ലക്കത്തിലൂടെ ഇടുക്കിയു ടെ ശബ്ദം മനോഹരമായി അവതരിപ്പിച്ച നമ്മുടെ പ്രസിഡൻറ് ബഹുമാനപ്പെട്ട ശ്രീ.റ്റി.ജെ.ജോസ ഫ് സാറിന് അഭിനന്ദനങ്ങൾ. കൂടാതെ അദ്ദേഹം എഴുതിയ ചിന്തോദ്ദീപകമായ കവിതയും ഏറെ നന്നായി.

**കുരിയാച്ചൻ തോമസ്**
**ഫോ:9747924738**

സർ,
ഒയാസിസ് സെപ്റ്റംബർ ലക്കം വളരെ നന്നായി. അഭിനന്ദനങ്ങൾ!
**ജയകുമാർ**
**ജനറൽ സെക്രട്ടറി**

സർ,
2020 സെപ്റ്റംബർ ലക്കം ഒയാസിസ് അതി മനോ ഹരമായിരിക്കുന്നു. ടീം കോട്ടയത്തിന് ഒരു ബിഗ് സല്യൂട്ട്!!



**ജോസഫ് പാലക്കൻ, ഡി.ജി.എസ്.**
**എറണാകുളം**





# ആദരാഞ്ജലികൾ!!



അക്കിത്തം

**"കരഞ്ഞു ചൊന്നേൻ ഞാനന്ന്**
**˘ ഭാവി പൗരനോടിങ്ങനെ**
**വെളിച്ചം ദു:ഖമാണുണ്ണി**
**തമസ്സല്ലോ സുഖപ്രദം!"**

സ്ഥാനത്തും അസ്ഥാനത്തും – കറന്റ് പോയാൽ വിശേഷി ച്ചും – ഉദ്ധരിക്കാറുള്ള ഈ വരികളോളം തെറ്റിദ്ധരി ക്കപ്പെട്ട മറ്റൊരീരടിയില്ല മലയാളത്തിൽ. അക്കിത്തം തമസ്സിന്റെ ഉദ്ഗാതാവാണെന്നു വരെ തീർപ്പ് കല്പ്പിച്ചവ രും ധാരാളം. എന്നാൽ അദ്ദേഹം തന്നെ ആ വരികൾ ക്കിടയിലെ ആരും കാണാ വരികൾ വ്യക്തമാക്കിയിട്ടു ണ്ട്. രഘുവംശത്തിലെ ;

''മരണം പ്രകൃതി ശരീരിണാം
വികൃതിർജീവിതമുച്യതൈ ബുധൈ''

എന്ന ശ്ലോകത്തിന്റെ സത്തയാണ് ഈ വരികളിലന്തർഭവി ച്ചിരിക്കുന്ന ജഗന്മിഥ്യ എന്ന ദർശനം. ജീവിതമാണ് വികൃതി അഥവാ മായ. മൃത്യു സത്യം. ഇവിടെ വെളിച്ചം സുഖദു:ഖ സമ്മിശ്രമായ ജീവിതവും തമസ്സ് ശാശ്വതമായ മൃതിയുമാണ്.

ഇരുപതാം നൂറ്റാ□ ിന്റെ ഇതിഹാസകാരന് ആദരാഞ്ജലികൾ!'

# പൊന്നാരത്ത് കെ ചാണ്ടി



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷ ന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ. സിബി ചാണ്ടിയുടെ പിതാവ് പൊന്നാരത്ത് കെ ചാണ്ടി നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 87 വയസ്സായിരുന്നു. ശവസംസ്കാരം ഐക്കരച്ചിറ സെന്റ് ജോർജ്ജ് പള്ളിയിൽ നടന്നു. പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു. കുടുംബാംഗങ്ങളോട് അനുശോചനം അറിയിക്കുകയും ചെയ്യുന്നു .

# ലീല.എൻ.പൈ

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷ ന്റെ എറണാകുളം യൂണിറ്റ് അംഗം ശ്രീമതി. ലീല.എൻ. പൈ (എൽ.എം.2838) 'ഹരിപ്രിയ' (കൊണേരി വീട്) കുഴുപ്പള്ളി, അയ്യമ്പിള്ളി നിര്യാതയായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 71 വയസ്സായി രുന്നു. ഭർത്താവ്: ശ്രീ. കെ. ആർ. നാരായണ പൈ. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്കു ചേരുന്നു.**



ശ്രീമതി. ലീല.എൻ.പൈ

## ശ്രി.എം.കാർത്തികേയൻ



റിട്ട.ഡി.ജി.എം. ശ്രീമതി.വിജയലക്ഷ്മിയുടെ ഭർത്താവ് ശ്രി.എം.കാർത്തികേയൻ ഹൃദയാഘാതം മൂലം ബോംബെയിൽ വച്ച് നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചു കൊള്ളുന്നു. ശ്രീമതി. വിജയലക്ഷ്മിയുടേയും കടുംബാംഗങ്ങളുടേയും ദു:ഖത്തിൽ **എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോ സിയേഷനും പങ്കു ചേരുന്നു.** പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.

## ശ്രി.കെ.രാമകൃഷ്ണൻ(64)




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് യൂണിറ്റ് അംഗം **(എൽ.എം.3841)** പെരുമുഖം തിയ്യത്ത്താഴം കാരായി ശ്രി.കെ. രാമകൃഷ്ണൻ (64) നിര്യാതനായി. എസ്.ബി.ഐ. യിൽ നിന്ന് സീനിയർ മെസ്സെഞ്ചർ ആയി വിരമിച്ചതിന് ശേഷം രാമനാട്ടുകര ശാഖയിൽ കരാറടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. ഭാര്യ: മീനാക്ഷി, മക്കൾ: വിനീഷ്, വിനീത, മരുമക്കൾ: സുബിന, ജിനേഷ്. പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു

## ശ്രി.രാജുമോൻ കെ.എസ്.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **എറണാകുളം** യൂണിറ്റ് അംഗം കൈപ്പള്ളിൽ തൃക്കാക്കര, എറണാകുളം, ശ്രീമതി.ലാലി മേരി തോമസിന്റെ ഭർത്താവ് ശ്രി.രാജുമോൻ കെ.എസ്. നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചു കൊള്ളുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **എറണാകുളം** യൂണിറ്റ് അംഗം കൈപ്പള്ളിൽ തൃക്കാക്കര, എറണാകുളം, ശ്രീമതി.ലാലി മേരി തോമസിന്റെ ഭർത്താവ് ശ്രി.രാജുമോൻ കെ.എസ്. നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചു കൊള്ളുന്നു.



**രാജുമോൻ കെ.എസ്.**

## ശ്രീമതി.സരസമ്മ ജെയിംസ് (കൊച്ചുത്രേസ്യാ)

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം എസ്.ബി.ഐ. **എറണാകുളം** റീജിയണൽ ഓഫീസിൽ നിന്നും റിട്ടയറായ മാനേജർ (അഗ്രി) ശ്രീ.കെ.ഇ.ജെയിംസിന്റെ ഭാര്യ ശ്രീമതി.സരസമ്മ ജെയിംസ് (കൊച്ചുത്രേസ്യാ) അന്തരിച്ച വിവരം ഏറെ ദു:ഖത്തോടെ അറിയിച്ചു കൊള്ളുന്നു.



ശ്രീമതി.സരസമ്മ ജെയിംസ്
(കൊച്ചുത്രേസ്യാ)

പാലാക്കുന്നേൽ ഇയ്യൊച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ മകൾ. മക്കൾ: ഡോ. ആഷ ജെയിംസ്. ഐ. എ.എസ്., ഡോ. ജോസഫ് ജെയിംസ്, ഡോ. അനിത, മരുമക്കൾ: വർഗീസ്, കൊച്ചു വറീത്, അന്നാ ജെയിംസ്, ഡോ. ബിജു തോമസ് എന്നിവർ.. കൊച്ചുമക്കൾ: ക്രിസ്റ്റഫർ, ഈപ്പൻ,

തോമസ്, ജൂലിയ, മാത്യു, ജെയിംസ്. സംസ്കാര ശിശ്രൂഷകൾ ശ്രീ.ജെയിംസിന്റെ പാലായിലുള്ള ഭവനത്തിൽ നിന്ന് ആരംഭിച്ച് അരുണാപുരം സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ ഒക്ടോബർ 17-ാം തിയതി ശനിയാഴ്ച്ച നടത്തി. ശ്രീ.ജെയിംസിന്റെയും എല്ലാ കുടുംബാംഗങ്ങളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു.

## ശ്രീ.പി.റ്റി.വർഗീസ്



ശ്രീ.പി.റ്റി.വർഗീസ്

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **എറണാകുളം** യൂണിറ്റ് അംഗം പി.റ്റി. വർഗീസ് (എൽ.എം.2791) പുതുശ്ശേരി വീട് വേങ്ങൂർ, കിടങ്ങൂർ, അങ്കമാലി നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചു കൊള്ളുന്നു. ഭാര്യ മാരിസെ വർഗീസ് സംസ്കാര ശിശ്രൂഷകൾ ഒക്ടോബർ 21-ാം തിയതി വേങ്ങൂർ സെന്റ് ജോസഫ്സ് പള്ളി സെമിത്തേരിയിൽ നടത്തി. എല്ലാ ുടുംബാംഗങ്ങളുടേയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും **പങ്കു ചേരുന്നു.** പരേതന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു.

## ശ്രീമതി. രാജമ്മ



ശ്രീമതി. രാജമ്മ

എസ്,ബി,ഐ.യുടെ അതിരമ്പുഴ ശാഖയിൽ നിന്നും റിട്ടയർ ആയ ശ്രീമതി. രാജമ്മ പട്ടിത്താനത്തുള്ള വസതിയിൽ വച്ച് അന്തരിച്ച വിവരം ഏറെ ദു:ഖത്തോടെ അറിയിച്ചു കൊള്ളുന്നു. സംഘടനയിൽ നിന്നം ഏറ്റുമാനൂർ ഏരിയക്കമ്മറ്റി കൺ വീനർ ശ്രീ.സി.പി.മാത്യ, കോട്ടയം ജോ.സെക്രട്ടറി ശ്രീ.എം.പി.പുഷ്കരൻ, പി.ഡി.തോമസ്, ഔസേപ്പച്ചൻ എന്നിവർ ഭവനത്തിലെത്തി കടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോ സ്സിയേഷനും പങ്കു ചേരുന്നു.

### രാജമ്മ ചേച്ചിക്ക് ആദരാഞ്ജലികൾ..

അതിരമ്പുഴ ബ്രാഞ്ചിൽ വെച്ചു വർഷങ്ങൾക്കു മുമ്പ് കണ്ടുമുട്ടി... ആ സ്നേഹം എപ്പോഴും ഉണ്ടായിരുന്നു... ആ ഓർമ്മകളോടെ പ്രണാമം...!



റൈസാ ബീഗം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ സ്റ്റേറ്റ് കമ്മറ്റി അംഗം




എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **തൃശ്ശൂർ** യൂണിറ്റ് അംഗം, **എസ്.ബി.ഒ.എ വെറ്ററൻ ലീഡറായിരുന്ന ശ്രീ.ആന്റണി ചക്കാലയ്ക്കലിന്റെ ജേഷ്ഠ സഹോദരൻ ബേബി ചക്കാലയ്ക്കൽ നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു.** സംസ്കാര ശിശ്രൂഷകൾ ചാലക്കുടി യിലുള്ള വസതിയിൽ നിന്നാരംഭിച്ച് സെന്റ് മേരീസ് ഫൊറാനെ പള്ളി സെമിത്തേരിയിൽ ഒക്ടോബർ 23–ാം തിയതി വെള്ളിയാഴ്ച്ച നടത്തി. കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു.

# ഡി.രാധാകൃഷ്ണൻ.



## ഡി.രാധാകൃഷ്ണൻ

എസ്.ബി.ഐ. യിൽ നിന്ന് **2017** നവംബറിൽ വിരമിച്ച .ഡി.രാധാകൃഷ്ണൻ ഹൃദസ്തംഭനത്തെ തുടർന്ന് ഇന്ന് അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. കൊല്ലത്തേക്ക് പോകുന്ന വഴി പാരിപ്പള്ളിയിൽ വച്ചാണ് നിര്യാണം. അമ്പലമുക്കിലാണ് വീട്. **F 23,** ശ്രീകൃഷ്ണ ലെയിൻ അമ്പലമുക്ക് ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപം അമ്പലമുക്ക്, തിരുവനന്തപുരം **0471-2431005/9388290387** എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പ്രണാമം. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

# ഡോ. എബ്രഹാം കുരിയൻ



**എസ്.ബി.ഐ.റിട്ട. ചീഫ് മാനേജർ അജിത്ത് എൽ. ജോൺ, കരിശുംമൂട്ടിൽ പുത്തനങ്ങാട്യുടെ ഭാര്യാപിതാവ് ഡോ. എബ്രഹാം കുരിയൻ നിര്യാതനായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. 82 വയസ്സയിരുന്നു. അനിമൽ ഹസ്ബന്ററി അഡീഷണൽ ഡയറക്റ്ററായിരന്നു.** കുടുംബാംഗങ്ങളുടെയും ബന്ധുക്കളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു.



## ആലപ്പുഴ ഏരിയാ കമ്മറ്റി അംഗങ്ങളുടെ യോഗം



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **ആലപ്പുഴ ഏരിയാ കമ്മറ്റി അംഗങ്ങളുടെ യോഗം ഒക്ടോബർ 31ന് ഓൺലൈനിൽ നടന്നപ്പോൾ**



## എറണാകുളം ഏരിയാ കമ്മറ്റി അംഗങ്ങളുടെ യോഗം



എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ **എറണാകുളം ഏരിയാ കമ്മറ്റി അംഗങ്ങളുടെ യോഗം ഒക്ടോബർ 31ന് ഓൺലൈനിൽ നടന്നപ്പോൾ**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടെത്താം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.**

**ചീഫ് എഡിറ്റർ**



In this file photo dated July 29, 1966, actor Sean Connery shown during filming the James Bond movie 'You Only Liv Twice' on location in Tokyo, Japan (File photo: AP)

**Former James Bond actor Sean Connery dies at 90**

**P.S:** ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.

## പത്രാധിപ സമിതി

### രക്ഷാധികാരി

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
മാനേജിംഗ് എഡിറ്റർ
**ശ്രീ.എം.ജി.രാഘവൻ**
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്
**പത്രാധിപ സമിതി അംഗങ്ങൾ**
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ